(ബി) ഇതുസംബന്ധിച്ച് പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. ആയതിനാൽ കേസുകൾ ഒന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) ഘർവാപസി ഘടകം കേരളത്തിൽ പ്രവർത്തിക്കുന്നതായോ പുനർ മതപരിവർത്തനത്തിനു ഹെൽപ്പ് ലൈൻ പ്രവർത്തിപ്പിക്കുന്നതായോ ശ്രദ്ധയിൽ പെട്ടിട്ടില്ല.

നാദാപുരത്ത് വാഹനങ്ങൾ തീയിട്ട കേസുകൾ

203 (208) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം നിയോജക മണ്ഡലത്തിൽ നിരന്തരമായി വാഹനങ്ങൾ തീയിട്ട് നശിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇത്തരം രജിസ്റ്റർ ചെയ്ത കേസുകളിൽ എത്ര എണ്ണത്തിന് തീർപ്പുകൽപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്; പ്രസ്തുത കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 23-2-2015 തീയതി നടന്ന അക്രമസംഭവവുമായി ബന്ധപ്പെട്ട് വാഹനങ്ങൾ തീയിട്ടത് സംബന്ധിച്ച് 17 കേസും, തുടർന്ന് ഒറ്റപ്പെട്ട സംഭവങ്ങളുമായി ബന്ധപ്പെട്ട് 2-3-2015 തീയതിവരെ 7 കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകൾ ഒന്നുംതന്നെ തീർപ്പ് കൽപ്പിച്ചിട്ടില്ല. 37 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

പിൻവലിച്ച ക്രിമിനൽ കേസ്സുകൾ

204 (209) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ നിരാക്ഷേപപത്രം നൽകി പിൻവലിച്ച ക്രിമിനൽ കേസ്സുകളുടെ എണ്ണം എത്ര; അവ ഏതെല്ലാം; വ്യക്തമാക്കാമോ;

(ബി) ഇതിനായി സർക്കാരിന്റെ പരിഗണനയിലുള്ള കേസ്സുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; അവ ഏതെല്ലാം വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതേ കാലയളവിൽ വിജിലൻസ് കോടതിയുടെ പരിഗണനയിലുള്ള എത്ര കേസ്സുകൾ പിൻവലിക്കുന്നതിന് നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്; അവ ഏതെല്ലാം വിശദമാക്കാമോ;

(ഡി) ഇതിൽ മന്ത്രിമാരുടെ പേരിലുണ്ടായിരുന്ന കേസ്സുകളുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 4885 കേസുകൾ

(ബി) 1278 കേസുകൾ

(സി &ഡി) വിവരം ശേഖരിച്ചുവരുന്നു.

പയ്യന്നൂർ ഹക്കീം വധം

205 (210) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ ഹക്കീം വധവുമായി ബന്ധപ്പെട്ട ക്രൈം ബ്രാഞ്ച് അന്വേഷണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത കേസന്വേഷണം സി.ബി.ഐ. ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിനെ അറിയിച്ചതെപ്പോഴാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും മറുപടി കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) ഹക്കീം വധവുമായി ബന്ധപ്പെട്ട് പയ്യന്നൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരുന്ന ക്രൈം നമ്പർ 142/14 അന്വേഷണത്തിനായി സി.ബി.ഐ.യ്ക്ക് കൈമാറിക്കൊണ്ട് 14-11-2014-ൽ G.O (Ms.) No. 227/2014/Home പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും 3-12-2014-ൽ പ്രസ്തുത വിജ്ഞാപനം കേന്ദ്രസർക്കാരിനു കൈമാറുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധമായി കേന്ദ്ര സർക്കാരിൽ നിന്നും മറുപടിയൊന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly